## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## അരിപ്പാട്ടുശ്ശേരി-കുളിക്കടവ് ബണ്ട് റോഡ് നിർമ്മാണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1714 | 31-01-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.കെ.ബഷീർ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ പായിപ്പാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഉൾപ്പെട്ട അരിപ്പാട്ടുശ്ശേരി-കുളിക്കടവ് ബണ്ട് റോഡ് നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ച് ഭരണാനുമതി നൽകുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നോ;വിശദാംശം ലഭ്യമാക്കുമോ ; | (എ) | പ്രവൃത്തി ആരംഭിച്ചിരുന്നു. പായിപ്പാട് ഗ്രാമ പഞ്ചായത്തിന്റെ 16.01.2016-ലെ തീരുമാനം നം.1 പ്രകാരം 18,45,000/- രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. |
| (ബി) | പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി നിറുത്തി വച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ; | (ബി) | പ്രവൃത്തി നിർത്തി വച്ചിരുന്നു. |
| (സി) | എങ്കിൽ ആയതിൽ പ്രകാരം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി ഗവണ്മെന്റിലേക്ക് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) | റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പരാതിയിൽ കഴമ്പില്ലെന്നും കാലാവസ്ഥ അനുകൂലമായാൽ പ്രവൃത്തി പുനഃരാരംഭിക്കുമെന്നും 03-08-16-ൽ DB/108/2003 പ്രകാരം | (ഡി) | പരാതി ലഭിച്ചതിനെത്തുടർന്ന് പ്രവൃത്തി നിർത്തി വച്ച സാഹചര്യത്തിൽ 2017-18-ലെ ഗ്രാമപഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ 2017-18-ലെ പുതുക്കിയ ആക്ഷൻ പ്ലാനിൽ ഈ പ്രവൃത്തി |

| | | | |
|---|---|---|---|
| | റിപ്പോർട്ട് നൽകി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിക്കാതിരിക്കാൻ ഉണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി മുതൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച ഉദ്യോഗസ്ഥർ ആരെല്ലാമായിരുന്നു എന്ന് വിശദമാക്കുമോ;പ്രവൃത്തി പുന:രാരംഭിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഇ) | ഗ്രാമപഞ്ചായത്ത് സെക്രട്ടറി, എം.ജി.എൻ.ആർ.ഇ.ജി.എ ഓവർസിയർ, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. അസിസ്റ്റന്റ് എൻജിനിയർ എന്നിവരാണ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ. ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (എഫ്) | കോട്ടയം ജില്ലയിലെ എൻ.ആർ.ഇ.ജി.പി. പദ്ധതിയിൻ കീഴിൽ നടപ്പു വർഷം എത്ര തുക നീക്കിയിരിപ്പുണ്ട് ;വ്യക്തമാക്കുമോ; | (എഫ്) | നീക്കിയിരിപ്പില്ല |
| (ജി ) | എങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് അടിയന്തിര പ്രാധാന്യമുള്ള പ്രസ്തുത ബണ്ട് റോഡ് പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ജി ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഭരണഭാഷ - മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി6-6488/16/സിഇ/തസ്വഭവ

തീയതി : 28.09.2016

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ
പ്രൈവറ്റ് സെക്രട്ടറി

സർ,

വിഷയം:- തസ്വഭവ - കോട്ടയം ജില്ല - തസ്വഭവ വകുപ്പ് മന്ത്രിയ്ക്ക് ശ്രീ.എ.പി.തങ്കച്ചൻ നൽകിയ പരാതി - സംബന്ധിച്ച്.

സൂചന:- 1) ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നുള്ള 620/എൻ.ഒ.ആർ/16/എം-തസ്വഭവ നം. കത്ത്

2)തസ്വഭവ കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നം. എബി4/3118/16 തീയതി 17.08.2016

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മാടപ്പള്ളി ബ്ലോക്കിൽ പായിപ്പാട് ഗ്രാമ പഞ്ചായത്തിൽ 1-ാം വാർഡിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അരിപ്പാട്ടുശ്ശേരിക്കുളിക്കടവ് ബണ്ട് റോഡ് നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി താലൂക്കിൽ പായിപ്പാട് പഞ്ചാത്ത് 1-ാം വാർഡിൽ പൂവംപടിഞ്ഞാറുകരയിൽ ദൈവംപറമ്പ് ക്ഷേത്രം ഭാഗത്ത് അരിപ്പാട്ടുശ്ശേരി വീട്ടിൽ ശ്രീ.എ.പി.തങ്കച്ചൻ നൽകിയ പരാതിയിൻമേൽ തദ്ദേശ്സ്വയംഭരണ വകുപ്പ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖാന്തിരം അന്വേഷണം നടത്തി താഴെ സൂചിപ്പിക്കുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

1) ടി വഴി പായിപ്പാട് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 160 മീറ്റർ നീളമുള്ള റോഡാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് പരിശോധനയ്ക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.
2) ടി പ്രവൃത്തി മഹാത്മാഗാന്ധി ദേശീയ ഗ്രാമ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്.
3) നാളിതുവരെ ഈ വഴി കടന്നുപോകുന്ന പാടശേഖരത്തിലെ കർഷകർ ആരുംതന്നെ സ്റ്റെപ്പ് കെട്ടിത്തരണമെന്ന് ആവശ്യപ്പെട്ടിട്ടില്ല. കൂടാതെ പാടശേഖരത്തിലെക്ക് ഇറങ്ങുന്ന വഴിയുടെ ഇരുവശങ്ങളുലും കൽപ്പടവുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ അത് സാമൂഹ്യവിരുദ്ധർ നശിപ്പിച്ചു കളഞ്ഞിരിക്കുകയാണ്.
4) കേടു വന്ന പൈപ്പ് നിലവിൽ പ്രവർത്തനസജ്ജമാണ്.

5) മഹാത്മാഗാന്ധി ദേശീയ ഗ്രാമ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കുന്ന കോൺക്രീറ്റ് റോഡുകൾക്ക് പരമാവതി മൂന്നു മീറ്റർ വീതി മാത്രമെ അനുവദിക്കുന്നുള്ളൂ. കൂടാതെ കൽകെട്ടിന്റെ പൊക്കം എസ്റ്റിമേറ്റ് പ്രകാരം 2.20 മീറ്റർ ഉള്ളതാണ്. നിലവിൽ 1 മീറ്റർ പൊക്കത്തിൽ മാത്രമെ കൽകെട്ട് നിർമ്മിച്ചിട്ടുള്ളൂ.

6) ഫൗണ്ടേഷൻ കെട്ടുന്നതിന് ആവശ്യമായ മണ്ണ് കുഴിച്ച് മാറ്റി നിർദ്ദിഷ്ട വഴിയിൽ തന്നെയാണ് നിക്ഷേപിച്ചിരിക്കുന്നത്.

7) ഈ വഴി കടന്നുപോകുന്ന സ്ഥലമുടമകളിൽ നിന്നും ഭൂമി വിട്ടുകൊടുക്കുന്നതിനുള്ള സമ്മതപത്രം വാങ്ങി പായിപ്പാട് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളതാണ്.

8) പരാതിക്കാരന്റെ ഉടമസ്ഥതയിലുള്ള യാതൊരുവിധ ഫലവൃക്ഷങ്ങൾക്കോ മറ്റ് വസ്തുക്കൾക്കോ നാളിതുവരെ കേടുപാടുകൾ ഒന്നും വരുത്തിയിട്ടില്ല.

വിശ്വസ്തതയോടെ,

ഉള്ളടക്കം : ആസതി രജിസ്റ്ററിന്റെ പകർപ്പ്
പരാതിയുടെ ഒറിജിനൽ കോപ്പി

ഒപ്പ്

ചീഫ് എൻജിനീയർ

സെക്ഷൻ ഓഫീസർ